ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 31.07.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ഝാർഖണ്ഡിലെ ദിയോഘർ എയിംസിന്റെ പ്രഥമ ബിരുദദാന ചടങ്ങിൽ പങ്കെടുക്കും .

President Droupadi Murmu will attend the first convocation of AIIMS Deoghar in Jharkhand today

2. ജമ്മു കശ്മീരിനെ ഭീകരതയിൽ നിന്ന് മുക്തമാക്കാൻ വിട്ടുവീഴ്ചയില്ലാത്ത നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

Union Home Minister Amit Shah has said that the government is taking uncompromising steps to make Jammu and Kashmir free of terrorism.

3. തിരുവനന്തപുരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിൻറെ സമഗ്ര വികസന പദ്ധതിയുടെ നിർമ്മാണോദ്ഘാടനം മുഖ്യമന്ത്രി പിണറായി

വിജയൻ ഇന്ന് നിർവ്വഹിക്കും. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ മുഖ്യാതിഥിയാകും.

Chief Minister Pinarayi Vijayan will inaugurate the construction of the comprehensive development project of the Muthalapozhi Fishing Port in Thiruvananthapuram today. Union Minister of State George Kurien will be the chief guest.

4. ഇന്ത്യൻ ഇറക്കുമതികൾക്ക് അമേരിക്ക ഏർപ്പെടുത്തിയ 25 ശതമാനം അധിക തീരുവ നാളെ മുതൽ പ്രാബല്യത്തിൽ. ദേശീയ താൽപ്പര്യം സംരക്ഷിക്കുന്നതിനാണ് പ്രഥമ പരിഗണനയെന്ന് കേന്ദ്ര സർക്കാർ.

The 25 percent tariff imposed by the United States on Indian imports will come into effect from tomorrow. The Union government has said that its top priority is to protect national interest.

5. ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന് ആരംഭിക്കും.

The final match of the India-England Test cricket series begins today.

&&&&&&&&&&&&&&&&&&

## PRESIDENT

രാഷ്ട്രപതി ദ്രൗപതി മുർമുവിൻറെ പശ്ചിമ ബംഗാൾ ഝാർഖണ്ഡ് സന്ദർശനം തുടരുന്നു. ഇന്ന് ഝാർഖണ്ഡിലെ ദിയോഘർ എയിംസിന്റെ പ്രഥമ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും. നാളെ, ധൻബാദ് ഐഐടി യുടെ 45-ാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി മുർമു മുഖ്യാതിഥിയാകും.

&&&&&&&&&&&&&&&&&&

## RS – OPERATION SINDOOR– INTRO

ജമ്മു കശ്മീരിനെ ഭീകരതയിൽ നിന്ന് മുക്തമാക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കുന്നതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഭീകരവാദത്തിനെതിരെ സർക്കാർ വിട്ടുവീഴ്ചയില്ലാത്ത നടപടി സ്വീകരിക്കുമെന്നും ഭീകരകേന്ദ്രങ്ങളെ ഇല്ലായ്മ ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. ഓപ്പറേഷൻ സിന്ദൂരിനെക്കുറിച്ചുള്ള രാജ്യസഭയിലെ ചർച്ചയ്ക്ക് മറുപടി നൽകുകയായിരുന്നു അമിത്ഷാ. പഹൽഗാം ഭീകരാക്രമണത്തിൽ ഉൾപ്പെട്ട മൂന്ന് ഭീകരരെ ഓപ്പറേഷൻ മഹാദേവിലൂടെ വധിച്ച സായുധ സേനയെയും സുരക്ഷാ ഏജൻസികളെയും ശ്രീ അമിത്ഷാ അഭിനന്ദിച്ചു

(ഹോൾഡ്)

&&&&&&&&&&&&&&&&&&&

## BIRLA- IIS ADDRESS

സർക്കാരിനേയും ജനങ്ങളേയും തമ്മിൽ ബന്ധിപ്പിക്കുന്നതിൽ ഐ.ഐ.എസ് ഉദ്യോഗസ്ഥർ വഹിക്കുന്ന പങ്ക് സുപ്രധാനമാണെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. ന്യൂഡൽഹിയിൽ, ഇന്ത്യൻ ഇൻഫർമേഷൻ സർവീസ് 2023-24 ബാച്ചുകളിലെ ഓഫീസർ ട്രെയിനികളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സർക്കാരിന്റെ ശബ്ദം മാത്രമല്ല, പൊതുജന സേവകരും, സുതാര്യതയുടെ സംരക്ഷകരുമായി മാറാൻ അദ്ദേഹം സിവിൽ സർവീസ് ട്രെയിനികളോട് ആഹ്വാനം ചെയ്തു.

&&&&&&&&&&&&&&&&&&&

## BANKING LAW

ബാങ്കിംഗ് മേഖലയിലെ ഭരണ നിർവ്വഹണം മെച്ചപ്പെടുത്തുന്നതിനും നിക്ഷേപകർക്ക് കൂടുതൽ സുരക്ഷ ഉറപ്പാക്കുന്നതിനുമായുള്ള ബാങ്കിംഗ് ലോസ് ഭേദഗതി ആക്ട് 2025 നാളെ മുതൽ പ്രാബല്യത്തിൽ. പൊതുമേഖലാ ബാങ്കുകളുടെ ഓഡിറ്റ് നിലവാരം മെച്ചപ്പെടുത്തുന്നതിനും സഹകരണ ബാങ്കുകളുടെ ഡയറക്ടർമാരുടെ കാലവധി ദീർഘിപ്പിക്കുന്നതിനും പുതിയ നിയമത്തിൽ വ്യവസ്ഥയുണ്ടെന്ന് കേന്ദ്രധനകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&&

## AI IMPACT SUMMIT

നിർമ്മിത ബുദ്ധിയെ ഏറ്റവും പ്രാപ്യമായ നിലയിൽ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തക എന്ന ലക്ഷ്യത്തോടെ 2026 ഫെബ്രുവരിയിൽ AI ഇംപാക്ട് ഉച്ചകോടി സംഘടിപ്പിക്കുമെന്ന് കേന്ദ്രസർക്കാർ. ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, കാലാവസ്ഥാ വ്യതിയാനം, തുടങ്ങിയ മേഖലകളിലെ വെല്ലുവിളികളെ നേരിടാൻ നിർമ്മിത ബുദ്ധിയെ ഫലപ്രദമായി ഉപയോഗിക്കുക എന്നതാണ് ഉച്ചകോടിയുടെ പ്രധാനലക്ഷ്യമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## SHIVRAJ- PM KISAN 20TH INSTALLMENT

പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതിയുടെ 20-ാമത് ഗഡു ഓഗസ്റ്റ് 2-ന് വിതരണം ചെയ്യും. കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം. പദ്ധതി പ്രകാരം എല്ലാ വർഷവും മൂന്ന് തുല്യ ഗഡുക്കളായി, കർഷകർക്ക് 6,000 രൂപ നൽകിവരുന്നു. ഇന്ത്യയിലുടനീളമുള്ള ചെറുകിട കർഷകർക്ക് സാമ്പത്തിക സഹായം വാഗ്ദാനം ചെയ്യുന്ന സർക്കാർ പദ്ധതിയാണ് പിഎം-കിസാൻ.

&&&&&&&&&&&&&&&&&&

## GEORGE KURIAN

തിരുവനന്തപുരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ സമഗ്ര വികസന പദ്ധതിയുടെ നിർമ്മാണോദ്ഘാടനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ്ജ് കുര്യൻ വിശിഷ്ടാതിഥിയാകും. കേന്ദ്ര - സംസ്ഥാന സർക്കാരുകൾ 177 കോടി രൂപ ചെലവഴിച്ചാണ് തുറമുഖം 'ഗ്രീൻ ആൻഡ് ബ്ലൂ പോർട്ട്' നിലവാരത്തിലേക്ക് ഉയർത്തുന്നത്.

&&&&&&&&&&&&&&&&&&

**JITENDRA SINGH-NISAR-INTRO**

ഐ എസ് ആർ ഒ യുടെയും നാസയുടെയും പ്രഥമ സംയുക്ത ദൗത്യമായ - എൻ ഐ - സാർ ഉപഗ്രഹത്തിൽ നിന്നുള്ള വിവരങ്ങൾ ആഗോള സമൂഹത്തിനും പ്രയോജനപ്പെടുമെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്രസിംഗ്. വിക്ഷേപണത്തിന് പിന്നിൽ പ്രവർത്തിച്ച മുഴുവൻ പേരെയും ശ്രീ ജിതേന്ദ്രസിംഗ് അഭിനന്ദിച്ചു. വ്യോമയാന, സമുദ്ര മേഖലകളിലെ സുരക്ഷയും കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പരിവർത്തന ഉപകരണമായിരിക്കും ഉപഗ്രഹം എന്നും അദ്ദേഹം പറഞ്ഞു. പ്രകൃതിദുരന്തങ്ങളെ കൃത്യമായി കൈകാര്യം ചെയ്യാൻ ഉപഗ്രഹത്തിന് കഴിയുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

(ഹോൾഡ്)

ഇന്നലെ, ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ

കേന്ദ്രത്തിൽ നിന്നും ജിഎസ്എൽവി-എഫ് 16 റോക്കറ്റ് ഉപയോഗിച്ചായിരുന്നു വിക്ഷേപണം.

&&&&&&&&&&&&&&&&&&

## INDIA-US TARIFF

ഇന്ത്യൻ ഇറക്കുമതികൾക്ക് അമേരിക്ക ഏർപ്പെടുത്തിയ 25 ശതമാനം അതിക തീരുവ നാളെ മുതൽ പ്രാബല്യത്തിൽ. അതേസമയം, ദേശീയ താൽപര്യം സംരക്ഷിക്കാൻ ആവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുമെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം അറിയിച്ചു. പരസ്പരം പ്രയോജനകരമായ ഉഭയകക്ഷി വ്യാപാര കരാറിൽ ഏർപ്പെടുന്നതിനായി ഇന്ത്യയും യുഎസും തമ്മിൽ ചർച്ചകൾ നടത്തിവരികയാണെന്നും കേന്ദ്രം കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&

## ASWINI VAISHNAV- KERALA RAILWAY

കേരളത്തിലെ പ്രധാന റെയിൽ ശൃംഖലയുടെ ഡിപിആർ തയ്യാറാക്കുന്നത് സർക്കാർ ഏറ്റെടുത്തതായി റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ്. ഷൊർണൂർ - മംഗളൂരു, ഷൊർണൂർ- കോയമ്പത്തൂർ, എറണാകുളം-കായംകുളം ഉൾപ്പെടെ വിവിധ റെയിൽ ലൈനുകളുടെ ഡിപിആറുകളും ഇവയിൽ ഉൾപ്പെടുന്നതായി ലോക്സഭയിൽ ചോദ്യോത്തരവേളയിൽ അദ്ദേഹം പറഞ്ഞു. നിലമ്പൂർ-

കോട്ടയം എക്സ്പ്രസിൽ കോച്ചുകളുടെ എണ്ണം 12ൽ നിന്ന് 14 ആയി വർധിപ്പിച്ചതായും ശ്രീ അശ്വിനി വൈഷ്ണവ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## CRICKET TEST

ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന് വൈകുന്നേരം 3.30ന് കെന്നിംഗ്ടണ്ണിലെ ഓവൽ സ്റ്റേഡിയത്തിൽ ആരംഭിക്കും. പരമ്പരയിൽ 2-1ന് ഇംഗ്ലണ്ട് മുന്നിലാണ്.

&&&&&&&&&&&&&&&&&&

## INDIA-PAK WCL

ലോക ലെജൻഡ്സ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പിലെ ഇന്ത്യ പാകിസ്ഥാൻ സെമിഫൈനൽ പോരാട്ടം റദ്ദാക്കി. ഇന്ത്യൻ താരങ്ങൾ പാകിസ്ഥാനെതിരെ കളിക്കാൻ വിസമ്മതിച്ചതിനെ തുടർന്നാണ് തീരുമാനം. പഹൽഗാം ഭീകരാക്രമണവും തുടർന്നുണ്ടായ രാഷ്ട്രീയ വിഷയങ്ങളും ചൂണ്ടിക്കാട്ടി ടൂർണമെന്റിന്റെ ഗ്രൂപ്പ് ഘട്ടങ്ങളിൽ പാകിസ്ഥാനെതിരെ കളിയ്ക്കാൻ ഇന്ത്യ വിസമ്മതിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## TROLLING

സംസ്ഥാനത്ത് 52 ദിവസത്തെ ട്രോളിങ്ങ് നിരോധനം ഇന്ന് അർദ്ധരാത്രി അവസാനിക്കും. ബോട്ടുകളുടെ

അറ്റകുറ്റപ്പണികൾ ഉൾപ്പെടെ അവസാനഘട്ടത്തിലാണ്. പെയിൻ്റിങ്ങ് ഉൾപ്പടെ പൂർത്തിയായ ബോട്ടുകളിൽ ഇന്ധനം നിറച്ച് ഐസും , മത്സ്യബന്ധന ഉപകരണങ്ങളും,ആഹാരസാധനങ്ങളും കയറ്റിത്തുടങ്ങി. മത്സ്യസംസ്കരണ ശാലകളും പുതിയ സീസണിനായി സജ്ജമായി കഴിഞ്ഞു.

&&&&&&&&&&&&&&&&&&

**FISHERMAN -WARNING**

കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 60 കിലോമീറ്റർ വരെ വേഗത്തിലുള്ള ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് . കേരളത്തിൽ ഇന്നും കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

**IMD WEATHER**

രാജ്യത്തിൻ്റെ വടക്കുകിഴക്കൻ മേഖലയിൽ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അസം, മേഘാലയ, രാജസ്ഥാൻ എന്നിവിടങ്ങളിലും ഇന്ന് മഴ മുന്നറിയിപ്പുണ്ട്. അതേസമയം വടക്കുപടിഞ്ഞാറൻ മേഖലയിൽ വരും ദിവസങ്ങളിൽ

ഇടിമിന്നലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുള്ളതായി കാലാവസ്ഥ വകുപ്പ് അറിയിച്ചു

&&&&&&&&&&&&&&&&&&

## CANADA – PALESTINIAN STATE

സെപ്റ്റംബറിൽ, ഐക്യരാഷ്ട്രസഭയിൽ പലസ്തീനെ ഒരു രാഷ്ട്രമായി അംഗീകരിക്കാൻ ഒരുങ്ങി കാനഡ. ഇത്തരമൊരു പ്രഖ്യാപനം നടത്തുന്ന മൂന്നാമത്തെ ജി 7 രാജ്യമാണ് കാനഡ. എന്നാൽ ഹമാസിന്റെ പിന്തുണയില്ലാതെ പലസ്തീനിൽ തിരഞ്ഞെടുപ്പ് നടത്തുന്നത് ഉൾപ്പെടെയുള്ള പരിഷ്കാരങ്ങളെ ആശ്രയിച്ചിരിക്കും തീരുമാനം എന്ന് കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി പറഞ്ഞു. ഇസ്രായേൽ വെടിനിർത്തലിന് സമ്മതിക്കുകയും മറ്റ് വ്യവസ്ഥകൾ പാലിക്കുകയും ചെയ്തില്ലെങ്കിൽ, പലസ്തീനെ രാഷ്ട്രമായി അംഗീകരിക്കുമെന്ന് ബ്രിട്ടൻ പ്രഖ്യാപിച്ചതിന് തൊട്ടുപിന്നാലെയാണ് കാനഡയുടെ തീരുമാനം. ഫ്രാൻസും അടുത്തിടെ സമാനമായ പ്രഖ്യാപനം നടത്തിയിരുന്നു.

&&&&&&&&&&&&&&&&&&

## PADMA AWARDS

പത്മ പുരസ്കാരങ്ങൾക്കായി നാമനിർദ്ദേശങ്ങളും ശുപാർശകളും സമർപ്പിക്കുന്നതിനുള്ള അവസാന തീയതി അടുത്ത മാസം 15 വരെ നീട്ടി. രാഷ്ട്രീയ പുരസ്കാർ പോർട്ടൽ വഴി ഓൺലൈനായിട്ടാണ് നാമനിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത്. പുരസ്ക്കാരങ്ങൾ 2026 ലെ റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ചാണ് പ്രഖ്യാപിക്കുക.

&&&&&&&&&&&&&&&&&&

## KERALA CABINET

വയനാട് ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരിലെ ആദിവാസി കുടുംബങ്ങൾക്കായി കണ്ടെത്തിയ ഭൂമിക്ക് Record of Rights നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം നിർദ്ദേശം നൽകി. 49 കുടുംബങ്ങളെ കൂടി വയനാട് ടൗൺഷിപ്പ് പദ്ധതിയുടെ പുനരധിവാസ ലിസ്റ്റിൽ ഉൾപ്പെടുത്താനും മന്ത്രിസഭ തീരുമാനിച്ചു.

&&&&&&&&&&&&&&&&&&

## RATION

സംസ്ഥാനത്ത് ജൂലൈ മാസത്തെ റേഷൻ വിതരണം ഇന്ന് പൂർത്തിയാകും. നാളെ റേഷൻകടകൾക്ക് അവധിയായിരിക്കും. ശനിയാഴ്ച മുതൽ ഓഗസ്റ്റ് മാസത്തെ റേഷൻ വിതരണം ആരംഭിക്കും.

&&&&&&&&&&&&&&&&&&

## INS SATPURA

32-ാമത് സിംഗപ്പൂർ-ഇന്ത്യ മാരിടൈം ഉഭയകക്ഷി അഭ്യാസത്തിൽ പങ്കെടുക്കാൻ ഇന്ത്യൻ നാവിക കപ്പലായ INS സത്പുര സിംഗപ്പൂരിലെത്തി.ഇരു രാജ്യങ്ങളും തമ്മിലുള്ള നാവിക സഹകരണം ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&